ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 13.02.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ബജറ്റ് സമ്മേളനത്തിൻറെ ആദ്യ ഘട്ടം പൂർത്തിയാക്കി പാർലമെൻറിൻറെ ഇരുസഭകളും പിരിഞ്ഞു. രണ്ടാം ഘട്ടം അടുത്ത മാസം 9 ന് ആരംഭിക്കും.

   **Both the houses of Parliament adjourned after the first phase of the Budget Session. The second phase will begin on the 9th of next month.**

2. വികസിത രാഷ്ട്രം നിർമിക്കാൻ ഉത്തരവാദിത്തമുള്ള പൗരന്മാരുടെ പങ്കാളിത്തം സുപ്രധാനമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു.

   **President Droupadi Murmu said that the participation of responsible citizens is essential to build a developed nation.**

3. പൗര കേന്ദ്രീകൃത ഭരണത്തിനും രാജ്യ പുരോഗതിക്കുമുള്ള സർക്കാരിൻറെ പ്രതിബദ്ധതയുടെ പ്രതിഫലനമാണ് പ്രധാനമന്ത്രിയുടെ ഓഫീസ് ഉൾപ്പെടുന്ന പുതിയ സമുച്ചയമായ സേവാ തീർത്ഥമെന്ന് ശ്രീ. നരേന്ദ്രമോദി.

   **Shri. Narendra Modi said that the new office complex Seva Teerth, which includes the Prime Minister's Office, is a reflection of the government's commitment to citizen-centric governance and the progress of the country.**

4. യൂറോപ്യൻ യൂണിയനുമായും അമേരിക്കയുമായും ഉള്ള സ്വതന്ത്ര വ്യാപാര കരാറുകൾ ഇന്ത്യയുടെ ദേശീയ താൽപ്പര്യങ്ങൾ പൂർണ്ണമായും സംരക്ഷിക്കുന്നതാണെന്ന് കേന്ദ്ര മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ.

   **Union Minister Shivraj Singh Chouhan said that the free trade agreements with the European Union and the United States fully protect India's national interests.**

5. കേരളത്തിൽ അടുത്ത 25 വർഷത്തെ വികസന ദിശ നിർണയിക്കുന്ന നഗര നയത്തിന് മന്ത്രിസഭാ യോഗം അംഗീകാരം നൽകി. കേരള ഗ്രഫീൻ പോളിസിക്കും അനുമതി.
   The Kerala Cabinet approved the urban policy that will determine the development of the next 25 years in Kerala. Approval was also given to the Kerala Graphene Policy.
6. ഐ.സി.സി പുരുഷ ട്വന്റി-20 ക്രിക്കറ്റ് ലോകകപ്പിൽ കാനഡയ്ക്കെതിരെ യു.എ.ഇ- ക്ക് അഞ്ച് വിക്കറ്റ് ജയം.
   UAE beat Canada by five wickets in ICC Men's Twenty20 Cricket World Cup.

***************************

## PARLIAMENT

ബജറ്റ് സമ്മേളനത്തിൻറെ ആദ്യ ഘട്ടം പൂർത്തിയാക്കി പാർലമെൻറിൻറെ ഇരുസഭകളും പിരിഞ്ഞു. രണ്ടാം ഘട്ടം അടുത്ത മാസം 9 ന് ആരംഭിക്കും. കഴിഞ്ഞ മാസം 28 ന് രാഷ്ട്രപതി ദ്രൗപദി മുർമു ഇരുസഭകളുടെയും സംയുക്ത സമ്മേളനത്തെ അഭിസംബോധന ചെയ്തുകൊണ്ടാണ് ബജറ്റ് സമ്മേളനത്തിന് തുടക്കം കുറിച്ചത്. വിവിധ വിഷയങ്ങൾ ഉന്നയിച്ചുള്ള പ്രതിപക്ഷ ബഹളത്തെ തുടർന്ന് ലോക്സഭ ഇന്നും പ്രക്ഷുബ്ധമായിരുന്നു. സഭാനടപടികൾ ആദ്യം 12 മണി വരെ നിർത്തിവച്ചെങ്കിലും ബഹളം തുടർന്ന സാഹചര്യത്തിൽ പിരിയുകയായിരുന്നു. അന്തരിച്ച മുൻ എംപി ഭഗവാൻ ദാസ് റാത്തോറിന് ലോക്സഭ ഇന്ന് ചരമോപചാരം അർപ്പിച്ചു. അതേസമയം, രാജ്യസഭയിൽ നടപടികൾ സുഗമമായി നടന്നു. രാഷ്ട്രപതിയുടെ അഭിസംബോധനയിന്മേൽ പാർലമെൻറംഗങ്ങൾ രേഖപ്പെടുത്തിയ നന്ദി സ്വീകരിച്ചുകൊണ്ടുള്ള ശ്രീമതി ദ്രൗപദി മുർമുവിൻറെ സന്ദേശം ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ രാജ്യസഭയിൽവായിച്ചു. ബജറ്റ് സമ്മേളനത്തിന്റെ രണ്ടാം ഘട്ടം മാർച്ച് 9 മുതൽ ഏപ്രിൽ 2 വരെ നടക്കും.

***************************

## RS RAILWAYS

ആധാർ അടിസ്ഥാനമാക്കിയുള്ള പ്രാമാണീകരണം, ബഹുതല സൈബർ സുരക്ഷ, എന്നിവയുടെ ഭാഗമായി 2025-ൽ 3.03 കോടി

സംശയാസ്പദമായ ഉപയോക്തൃ ഐഡികൾ അസാധുവാക്കിയതായി റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്. രാജ്യസഭയിൽ രേഖാമൂലാം നൽകിയ മറുപടിയിൽ, യഥാർത്ഥ ഉപയോക്താക്കൾക്ക് തടസ്സമില്ലാത്ത ബുക്കിംഗ് ഉറപ്പാക്കാൻ ഇത് സഹായിച്ചതായും അദ്ദേഹം പറഞ്ഞു.

***************************

## PREZ KARMAYOGA (INTRO)

വികസിത രാഷ്ട്രം നിർമിക്കാൻ രാഷ്ട്രീയ സ്ഥിരതയും ശക്തമായ സമ്പദ്‌വ്യവസ്ഥയും മാത്രമല്ല, ഉത്തരവാദിത്തമുള്ള പൗരന്മാരും പ്രധാന ഘടകമാണെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു. ന്യൂഡൽഹിയിൽ നടന്ന ശാക്തീകരിക്കപ്പെട്ട ഭാരതത്തിനായി കർമ്മയോഗ എന്ന രാജ്യവ്യാപക പ്രചാരണ പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. ജനങ്ങളുടെ സജീവ പങ്കാളിത്തമില്ലാതെ, ഒരു രാജ്യത്തിനും തങ്ങളുടെ ലക്ഷ്യം കൈവരിക്കാൻ സാധിക്കില്ല. സാമ്പത്തിക വളർച്ചയും സാങ്കേതിക പുരോഗതിയും ഒന്നിക്കുന്നതാണ് സമ്പന്ന രാഷ്ട്രത്തിന്റെ അടിത്തറയെന്നും രാഷ്ട്രപതി വ്യക്തമാക്കി.
( വോയിസ് )

***************************

## PM SEWA TEERTH (INTRO)

വികസിത ഭാരതം എന്ന ലക്ഷ്യത്തിലേക്കുള്ള സുപ്രധാന ചുവടുവയ്പ്പാണ് സേവാ തീർത്ഥെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. പൗര കേന്ദ്രീകൃത ഭരണത്തിനും രാജ്യ പുരോഗതിക്കുമുള്ള സർക്കാരിൻറെ പ്രതിബദ്ധതയുടെ പ്രതിഫലനമാണ് ഇതെന്നും പ്രധാനമന്ത്രി പറഞ്ഞു. പ്രധാനമന്ത്രിയുടെ ഓഫീസ് ഉൾപ്പെടെ സ്ഥിതി ചെയ്യുന്ന പുതിയ സംയോജിത സമുച്ചയമായ 'സേവ തീർത്ഥിൽ ജനങ്ങളെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

(വോയ്സ്)

സുപ്രധാന മന്ത്രാലയങ്ങളെ ഉൾക്കൊള്ളുന്ന കർത്തവ്യ ഭവൻ ഒന്നിൻറെയും രണ്ടിൻറെയും ഔദ്യോഗിക ഉദ്ഘാടനവും പ്രധാനമന്ത്രി നിർവഹിച്ചു. പ്രധാനമന്ത്രിയുടെ ഓഫീസ്, ദേശീയ സുരക്ഷാ കൗൺസിൽ സെക്രട്ടേറിയറ്റ്, കാബിനറ്റ് സെക്രട്ടേറിയറ്റ് തുടങ്ങിയവയാണ് സേവാ തീർത്ഥിൽ പ്രവർത്തിക്കുന്നത്. ധനമന്ത്രാലയം, പ്രതിരോധ മന്ത്രാലയം, ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം, വിദ്യാഭ്യാസ മന്ത്രാലയം, വാർത്താവിനിമയ മന്ത്രാലയം തുടങ്ങി പ്രധാനപ്പെട്ട പല മന്ത്രാലയങ്ങളും കർത്തവ്യ ഭവൻ-1, 2 എന്നിവയിലാണ് ഇനി പ്രവർത്തിക്കുക. സേവാ തീർത്ഥത്തിലേക്ക് മാറിയതിനു ശേഷം പ്രധാനമന്ത്രി റാഹത് പദ്ധതി, കാർഷിക അടിസ്ഥാന സൗകര്യ ഫണ്ട് രണ്ട് ലക്ഷം കോടി രൂപയായി ഇരട്ടിയാക്കൽ, 10,000 കോടി രൂപയുടെ മൂലധനമുള്ള സ്റ്റാർട്ടപ്പ് ഇന്ത്യ ഫണ്ട് ഓഫ് ഫണ്ട് 2.0 എന്നിവയ്ക്ക് അംഗീകാരം നൽകുകയാണ് പ്രധാനമന്ത്രി ആദ്യം എടുത്ത തീരുമാനങ്ങൾ.

****************************

## PM ASSAM

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ അസം സന്ദർശിക്കും. ദിബ്രുഗഢിലെ മൊറാൻ ബൈപാസിൽ എമർജൻസി ലാൻഡിംഗ് ഫെസിലിറ്റിൽ എത്തുന്ന അദ്ദേഹം യുദ്ധവിമാനങ്ങളുടെയും ഹെലികോപ്റ്ററുകളുടെയും പ്രകടനം വീക്ഷിക്കും. ബ്രഹ്മപുത്ര നദിക്ക് കുറുകെയുള്ള കുമാർ ഭാസ്കർ വർമ്മ സേതു ഉദ്ഘാടനം ചെയ്യുന്ന പ്രധാനമന്ത്രി ഗുവാഹത്തിയിൽ 5,450 കോടിയിലധികം രൂപയുടെ വിവിധ പദ്ധതികൾ നാടിന് സമർപ്പിക്കും.

****************************

## SHIVRAJ-IARI CONVOCATION

യൂറോപ്യൻ യൂണിയനുമായും അമേരിക്കയുമായും ഉള്ള എല്ലാ സ്വതന്ത്ര വ്യാപാര കരാറുകളും ഇന്ത്യയുടെ ദേശീയ താൽപര്യങ്ങൾ പൂർണ്ണമായും സംരക്ഷിച്ചിട്ടുണ്ടെന്നും കർഷകരുടെ ക്ഷേമത്തിന് ഉയർന്ന മുൻഗണന നൽകിയിട്ടുണ്ടെന്നും കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. ന്യൂഡൽഹിയിൽ നടന്ന

ഐസിഎആർ- ഇന്ത്യൻ അഗ്രികൾച്ചറൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ 64-ാമത് ബിരുദദാന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വികസിത ഇന്ത്യ കെട്ടിപ്പടുക്കുക എന്ന ദൗത്യത്തിന് സംഭാവന നൽകാൻ അദ്ദേഹം വിദ്യാർത്ഥികളോട് അഭ്യർത്ഥിച്ചു.

***************************

## CABINET DECISION

കേരളത്തിൽ അടുത്ത 25 വർഷത്തെ വികസന ദിശ നിർണയിക്കുന്നതിന് സർക്കാർ രൂപീകരിച്ച നഗര നയത്തിന് ഇന്ന് ചേർന്ന മന്ത്രിസഭാ യോഗം അംഗീകാരം നൽകി. രാജ്യത്ത് ആദ്യമായി നഗര നയം തയ്യാറാക്കുന്ന സംസ്ഥാനമാണ് കേരളം. സംസ്ഥാനത്ത് ഗ്രീൻ ആവാസ വ്യവസ്ഥയെ പ്രോത്സാഹിപ്പിക്കുന്ന കേരള ഗ്രീൻ പോളിസിക്കും മന്ത്രിസഭാ യോഗത്തിൽ അംഗീകാരം നൽകി . 2026ലെ കേരള അഭിഭാഷക ക്ഷേമനിധി ഭേദഗതി ബില്ലും മന്ത്രിസഭായോഗം അംഗീകരിച്ചു. ടെക്നോപാർക്കിന്റെ കൈവശമുള്ള 4.74 ഏക്കർ ഭൂമിയുടെ അവകാശം നിബന്ധനകൾക്ക് വിധേയമായി KSPACE- ന് കൈമാറ്റം ചെയ്യുന്നതിനും ഇന്ന് ചേർന്ന മന്ത്രിസഭായോഗം അനുമതി നൽകി.

***************************

## DPR

കേരളത്തിൽ അതിവേഗ റെയിൽ ഗതാഗതത്തിന്റെ സാധ്യത പ്രയോജനപ്പെടുത്തുന്ന ഏഴ് റെയിൽ പദ്ധതികളുടെ സാധ്യത പഠനത്തിന് റെയിൽവേ മന്ത്രാലയത്തിന്റെ അനുമതി. 160 കിലോ മീറ്റർ വേഗസാധ്യതയാണ് ഇതിലൂടെ പരിഗണിക്കുന്നത്. ഷൊർണൂർ-മംഗലാപുരം , കോയമ്പത്തൂർ ഷോർണൂർ , ഷോർണൂർ എറണാകുളം , എറണാകുളം- കായംകുളം , കായംകുളം തിരുവനന്തപുരം, തിരുവനന്തപുരം നാഗർകോവിൽ 3,4 പാതകളും, തുറവൂർ അമ്പലപ്പുഴ പാത ഇരട്ടിപ്പുമാണ് ഈ പദ്ധതികൾ.

***************************

## JITENDRA- BIRAC (INTRO)

ബയോടെക്നോളജിക്കും അനുബന്ധ മേഖലകൾക്കുമായുള്ള BIRAC -ഗവേഷണ, വികസന, ഇന്നൊവേഷൻ ഫണ്ടിന്റെ ഉദ്ഘാടനം കേന്ദ്ര മന്ത്രി ജിതേന്ദ്ര സിംഗ് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്തു. സാങ്കേതിക കണ്ടുപിടുത്തങ്ങളും തദ്ദേശീയ ഉൽപ്പാദനവും ദേശീയ താൽപര്യങ്ങൾക്കായി വളർത്തിയെടുക്കുക എന്നതാണ് ഈ ഫണ്ട് കൊണ്ടു ലക്ഷ്യമിടുന്നത്. കഴിഞ്ഞ പത്ത് വർഷത്തിനിടെ, ജൈവ സമ്പദ്‌വ്യവസ്ഥ ഗണ്യമായ വളർച്ച കൈവരിച്ചിട്ടുണ്ടെന്നും കേന്ദ്രമന്ത്രി പറഞ്ഞു.
(വോയിസ്)

***************************

## AMRIT BHARAT STATION

കൊല്ലം റെയിൽവേ സ്റ്റേഷനിലെ പുതിയ ബഹുനില കാർ പാർക്കിങ് കേന്ദ്രത്തിന്റെ ഉദ്ഘാടനം കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി നാളെ വൈകുന്നേരം നിർവഹിക്കും. അമൃത് ഭാരത് സ്റ്റേഷൻ പദ്ധതിക്ക് കീഴിൽ നവീകരിച്ചതാണ് ഈ കേന്ദ്രം. 30 കോടിയോളം രൂപ ചിലവഴിച്ച് അഞ്ച് നിലകളിലായി നിർമിച്ച ഈ കെട്ടിടത്തിൽ 200-ലധികം ഇരുചക്ര വാഹനങ്ങളും, 130 ലധികം നാലുചക്ര വാഹനങ്ങളും പാർക്ക് ചെയ്യാൻ സൗകര്യമുണ്ട്.

***************************

## SABARIMALA - GOLD

ശബരിമലയിൽ എസ്.പി ശശിധരൻ്റെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണസംഘം സന്നിധാനത്ത് തുടരുന്ന ശാസ്ത്രീയ പരിശോധന ഇന്ന് അവസാനിക്കും. എസ്ഐടി സംഘം സന്നിധാനത്തുനിന്നും ശേഖരിച്ച സാമ്പിളുകളുടെ അവശേഷിക്കുന്ന ഭാഗങ്ങൾ തിരികെ യഥാക്രമം പുനസ്ഥാപിക്കുന്ന പ്രവൃത്തികളാണു ഇപ്പോൾ നടക്കുന്നത്. ശേഖരിക്കുന്ന സാമ്പിളുകൾ വിദഗ്ധ ലാബ് പരിശോധനയ്ക്ക് വിധേയമാക്കും. തട്ടിപ്പിന്റെ കൃത്യമായ വ്യാപ്തി

കണ്ടെത്താൻ ഹൈക്കോടതിയുടെ നിർദേശപ്രകാരമാണ് വിശദമായ ശാസ്ത്രീയ പരിശോധന നടത്തുന്നത്.

***************************

## RADIO DAY

ഇന്ന് ലോക റേഡിയോ ദിനം. 1946 ഫെബ്രുവരി 13 ന് ഐക്യരാഷ്ട്രസഭ റേഡിയോ പ്രക്ഷേപണം ആരംഭിച്ചതിന്റെ സ്മരണാർഥമാണ് ദിനാചരണം. റേഡിയോയും നിർമിത ബുദ്ധിയും : AI ഒരു ഉപകരണമാണ്, ശബ്ദമല്ല എന്ന പ്രമേയത്തെ ആസ്പദമാക്കിയാണ് ഇക്കുറി ലോക റേഡിയോ ദിനം ആഘോഷിക്കുന്നത്. ഛത്തീസ്ഗഢിൽ ആകാശവാണി റായ്പൂർ, യുനെസ്കോയുമായി സഹകരിച്ച് ഇന്ന് ലോക റേഡിയോ ദിന കോൺക്ലേവ് സംഘടിപ്പിച്ചു. കേരളത്തിലും ദിനാഘോഷത്തോട നുബന്ധിച്ച് വിപുലമായ പരിപാടികൾ നടന്നു. കേരള ഫെഡറഷൻ ഓഫ് ദി ബ്ലൈൻഡ് പാലക്കാട് ജില്ലാകമ്മിറ്റി അംഗങ്ങൾക്ക് ദിനാഘോഷത്തിൻറെ ഭാഗമായി റേഡിയോകൾ വിതരണം ചെയ്യുന്ന ചടങ്ങ് എ. പ്രഭാകരൻ എം. എൽ. എ ഉത്ഘാടനം ചെയ്തു.

***************************

## TWENTY - 20

ഐ.സി.സി പുരുഷ ട്വന്റി 20 ക്രിക്കറ്റ് ലോകകപ്പിൽ കാനഡയ്ക്കെതിരെ യു.എ.ഇ-ക്ക് അഞ്ച് വിക്കറ്റ് ജയം. കാനഡ ഉയർത്തിയ 150റൺ വിജയലക്ഷ്യം രണ്ട് പന്ത് ശേഷിക്കെ യു.എ.ഇ സ്വന്തമാക്കി. ഇന്ന് നടന്ന ആദ്യ മത്സരത്തിൽ ഓസ്ട്രേലിയയെ 23 റണ്ണിന് സിംബാബ്‌വെ പരാജയപ്പെടുത്തി. യു.എസ്.എ നെതെർലാൻഡ്സ് മത്സരം ചെന്നൈയിൽ പുരോഗമിക്കുകയാണ്.

*************************************************************************************